പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 426 11.06.2013 -ൽ മറുപടിക്ക്

കെ. എസ്. ആർ. ടി. സി-യിലെ വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ സ്പെയർ പാർട്സ്, ടയറുകൾ അനുബന്ധ സാധനങ്ങൾ എന്നിവയുടെ ഗുണമേന്മ പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി വാങ്ങുന്ന എല്ലാ സാധനങ്ങളും മെറ്റീരിയൽ വിഭാഗത്തിലെ എൻജിനീയർമാർ പരിശോധിച്ച് തൃപ്തികരമാണെങ്കിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഇത് കൂടാതെ Central Institute of Road Transport, Pune, National Institute Of Inter Disciplinary Science & Technology, Pappanamcode, Cochin University of Science & Technology എന്നിവിടങ്ങളിലും പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ ടയറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനാവശ്യമായ Inspection Machine വർക്ക്ഷോപ്പുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വർക്ക്ഷോപ്പുകളുടെ ആധുനികവത്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ; | (ബി) | കഴിഞ്ഞ വർഷം 78 ലക്ഷം രൂപയുടെ വിവിധ ഇനം നവീന ഉപകരണങ്ങൾ വാങ്ങി വർക്ക്ഷോപ്പുകൾ നവീകരിക്കുകയുണ്ടായി. |
| (സി) | പ്രിന്റിംഗ് ഇനത്തിൽ പ്രതിവർഷം ചെലവാകുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ ? | (സി) | 57 ലക്ഷം രൂപ ചെലവാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ